**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2383** **04-03-2025 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന ഫണ്ടിൽനിന്ന് എയ്ഡഡ് സ്കൂളുകൾക്ക് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി എയ്ഡഡ് സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) | **ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗരേഖയിലെ അനുബന്ധം 2 പ്രകാരം എയ്ഡഡ് സ്കൂളുകളിലെ ടോയ് ലെറ്റ്, പാചകപ്പുര എന്നിവയല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ, ബസ് വാങ്ങൽ, ചലഞ്ച് ഫണ്ടിലൂടെയല്ലാതെയുള്ള സ്മാർട്ട് ക്ലാസ് റൂം തയ്യാറാക്കൽ എന്നിവ അനുവദനീയമല്ലാത്ത പ്രവർത്തിയാണ്. എന്നാൽ സ.ഉ (അ) നം 109/2017/ധന തീയതി 18/08/2017 പ്രകാരം നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് എയ്ഡഡ് സ്കൂളുകൾക്കായി ബജറ്റിൽ പ്രഖ്യാപിച്ച ചലഞ്ച് ഫണ്ടിനായി ഉപയോഗിക്കുന്നതിനു ഉത്തരവായിട്ടുണ്ട്. സ.ഉ (പി) നം 30/2018/ധന തീയതി 01.03.2018 ഖണ്ഡിക (4) പ്രകാരം ചലഞ്ച് ഫണ്ടിന്റെ മാർഗ്ഗ രേഖ പ്രകാരം ചലഞ്ച് ഫണ്ട് സമഗ്രമായി തയ്യാറാക്കിയ ഒരു മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുന്ന താഴെ പറയുന്ന പ്രവർത്തികൾക്ക് വിനിയോഗിക്കാവുന്നതാണ്.<br><br>i) സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന്/<br><br>നവീകരിക്കുന്നതിന്<br><br>ii) ലൈബ്രറി/ലബോറട്ടറി<br><br>iii) ഹൈടെക്/സ്മാർട്ട് ക്ലാസ്സ് റൂമുകൾ<br><br>iv) നിലവിലുള്ള സ്കൂൾ സ്റ്റേഡിയങ്ങളുടെ<br><br>നവീകരണം<br><br>v) ശുചിമുറി നിർമ്മാണം<br><br>vi) പാചകപ്പുര/ഡൈനിംഗ് ഹാൾ<br><br>vii) കുടിവെള്ള സൗകര്യം ഒരുക്കുന്നതിന്** |

വാഹനങ്ങൾ വാങ്ങുന്നതിനോ ഭൂമി വാങ്ങുന്നതിനോ ചലഞ്ച് ഫണ്ട് വിനിയോഗിക്കരുത്.

സ.ഉ (അ) നം: 109/2017/ധന തീയതി 18.08.2017 ഉത്തരവ് ഖണ്ഡിക (2) പ്രകാരം നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് മറ്റ് സർക്കാർ സഹായം എന്നിവ ചേർന്ന് പരമാവധി 1 കോടി രൂപ ചലഞ്ച് ഫണ്ട് പദ്ധതിയ്ക്കായി ഉപയോഗിക്കാം പ്രാദേശികമായി സമാഹരിക്കുന്ന ഫണ്ടിന് തുല്യമായ തുക, പരമാവധി 1 കോടി രൂപയായിരിക്കും ഇപ്രകാരം വിനിയോഗിക്കുവാൻ കഴിയുക. നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് സർക്കാർ ധനസഹായം 50: 50എന്ന അനുപാതത്തിൽ ആയിരിക്കും

സ.ഉ (അ) നം 156/2019/ധന തീയതി 15.11.2019 ഖണ്ഡിക (1) പ്രകാരം ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അതത് മാനേജ്മെന്റുകൾ ഒരു മാസ്റ്റർ പ്ലാൻ സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ ആയതനുസരിച്ച് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതുമാണ്. അപ്രകാരം സമർപ്പിക്കുന്ന പ്ലാനും എസ്റ്റിമേറ്റും അംഗീകരിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പ്രവൃത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. ഭരണാനുമതിക്ക് വിധേയമായി ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രവൃത്തിക്കുള്ള നിർമ്മാണാനുമതി ഉത്തരവ് നൽകേണ്ടതുമാണ്. നിർമ്മാണാനുമതി ലഭിച്ചാലുടൻ ബന്ധപ്പെട്ട ഡിഇഒ/ എഇഒ മുൻപാകെ മാനേജ്മെന്റ്/പ്രധാനാധ്യാപകൻ ബന്ധപ്പെട്ട നിശ്ചിത പ്രൊഫോർമയിലുള്ള എഗ്രിമെന്റ് വയ്ക്കേണ്ടതും പ്രസ്തുത വിവരം പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറെ അറിയിക്കേണ്ടതുമാണ്.

സ.ഉ (പി) നം 30/018/ധന തീയതി 01.03.2018 ഖണ്ഡിക (7) പ്രകാരം ചലഞ്ച് ഫണ്ടിലേക്കായി മാനേജ്മെന്റ് വിഹിതം നിക്ഷേപിച്ചതിന്റെ രേഖകൾ സഹിതം സ്കൂളുകൾ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവൃത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കുന്നത്. ആസ്തി വികസന ഫണ്ടിൽ നിന്നുള്ള തുക കൂടി വിനിയോഗിക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട എം.എൽ.എ.യുടെ കത്തും ഉൾപ്പെടുത്തേണ്ടതാണ്. ഇത്തരം ശുപാർശകൾ ബന്ധപ്പെട്ട DEO/ AEO മാർ അതത് DDE മുഖാന്തിരം (HSS ആണെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ) ജില്ലാ കളക്ടർമാർക്ക് കൈമാറേണ്ടതും ജില്ലാ കളക്ടർ

| | | | |
|---|---|---|---|
| | | | **ആയത് പരിശോധിച്ച് ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. മാനേജ്മെൻറ് വിഹിതം ബന്ധപ്പെട്ട അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ രേഖകൾ സഹിതമാകണം ആസ്തി വികസന ഫണ്ട് വിഹിതത്തിനുള്ള ശുപാർശ ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കേണ്ടത്. തുടർന്ന് ജില്ലാ കളക്ടർ മുഴുവൻ തുകയ്ക്കുമുള്ള ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുമാണ്. സർക്കാർ വിഹിതം ചലഞ്ച് ഫണ്ടിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള പ്രത്യേക ശീർഷകത്തിൽ നിന്നാണെങ്കിൽ DEO/ AEO അത്തരം ശുപാർശകൾ DDE മുഖേന DPI യ്ക്ക് സമർപ്പിക്കുകയും DPI (HSS ആണെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ) ആയത് പരിശോധിച്ച് ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുമാണ് .ഖണ്ഡിക (8) പ്രകാരം ചലഞ്ച് ഫണ്ടിനായുള്ള മാനേജ്മെന്റ് വിഹിതം പ്രധാനാദ്ധ്യാപകന്റെ മേൽ നോട്ടത്തിലുള്ള സ്കൂളിന്റെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. മാനേജ്മെന്റ് വിഹിതം ലഭ്യമായിട്ടുണ്ടെന്ന് ഡിഇഒ/ എഇഒ സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്കായിരിക്കും സർക്കാർ വിഹിതം അനുവദിക്കുന്നത്.സർക്കാർ വിഹിതം ചലഞ്ച് ഫണ്ടിനായി തുറന്നിട്ടുള്ള ഒരു പ്രത്യേക ടിഎസ് ബി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ടിഎസ് ബി അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കുന്നത് പ്രവർത്തന പുരോഗതി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ പർച്ചേസുകളാണെങ്കിൽ സാക്ഷ്യപ്പെടുത്തിയ ബില്ലുകളെ അടിസ്ഥാനമാക്കിയോ ആയിരിക്കണം. പരമാവധി തുകയിൽ അധികരിക്കാതെ, ബിൽ തുകയുടെ 50% ആയിരിക്കും സർക്കാർ വിഹിതത്തിൽ നിന്നും ഇപ്രകാരം പിൻവലിക്കാൻ അനുവദിക്കുക. പാർട്ട് ബില്ലുകൾക്കും ഇതേ രീതി പിൻതുടരേണ്ടതാണ്. അക്രഡിറ്റഡ് ഏജൻസികൾക്ക് മുൻകൂറായി തുക അനുവദിക്കുമ്പോൾ ഇതിനായുള്ള നിലവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടായിരിക്കണം പ്രസ്തുത തുക അനുവദിക്കേണ്ടത്.** |
| (ബി) | ചലഞ്ച് ഫണ്ട് ഉപയോഗിച്ചുകൊണ്ട് കെട്ടിടം നിർമ്മിക്കുമ്പോൾ പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണെന്ന് വിശദമാക്കാമോ; | (ബി) | **ചലഞ്ച് ഫണ്ട് ഉപയോഗിച്ചുകൊണ്ട് കെട്ടിടം നിർമ്മിക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ ബന്ധപ്പെട്ട DEO/ AEO മാർ, HSS ആണെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരാണ്.** |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ നടത്തേണ്ടതും ആരാണെന്ന് വിശദമാക്കാമോ? | (സി) | സ.ഉ (അ) നം 156/2019/ധന തീയതി 15.11.2019 പ്രകാരം ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അതത് |

| | | | |
|---|---|---|---|
| | | | മാനേജ്മെന്റുകൾ ഒരു മാസ്റ്റർ പ്ളാൻ സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയർ ആയതനുസരിച്ച് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതുമാണ്. അപ്രകാരം സമർപ്പിക്കുന്ന പ്ളാനും എസ്റ്റിമേറ്റും അംഗീകരിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പ്രവൃത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. ഭരണാനുമതിയ്ക്ക് വിധേയമായി ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രവൃത്തിക്കുള്ള നിർമ്മാണാനുമതി ഉത്തരവ് നൽകേണ്ടതുമാണ്. നിർമ്മാണാനുമതി ലഭിച്ചാലുടൻ ബന്ധപ്പെട്ട ഡിഇഒ/ എഇഒ മുൻപാകെ മാനേജ്മെന്റ് /പ്രധാനാദ്ധ്യാപകൻ നിശ്ചിത പ്രൊഫോർമയിലുള്ള എഗ്രിമെന്റ് വയ്ക്കേണ്ടതും പ്രസ്തുത വിവരം പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറെ അറിയിക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ